(ബി) വിജയശതമാനം കുറഞ്ഞതടക്കമുള്ള വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സർക്കാർ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; സമിതിയിലെ അംഗങ്ങൾ ആരെല്ലാം ; വിശദമാക്കുമോ ;

(സി) സമിതിയുടെ ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഫൈനൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ സമിതി ഇടക്കാല റിപ്പോർട്ടുകളോ ശുപാർശകളോ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ, ആയതിന്റെ പകർപ്പ് അടക്കം വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

## ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. സമിതിയിലെ അംഗങ്ങളുടെ പേരുവിവരം അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്.*

(സി) സമിതിയുടെ ഫൈനൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്.*

(ഡി) ഉത്തരം (സി)യുടെ വെളിച്ചത്തിൽ ബാധകമല്ല.

(ഇ) സ്വാശ്രയ എൻജിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാപനമേധാവികളുമായി ചർച്ച നടത്തുകയും ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിശ്ചിത വിജയശതമാനം ഇല്ലാത്ത സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾക്ക് ഈ വർഷം മുതൽ ബ്രാഞ്ചോ വർദ്ധനവോ അനുവദിക്കുകയില്ല. 2015-16 മുതൽ 25% വിജയം ഇല്ലാത്ത കോളേജുകൾക്ക് തുടർ അംഗീകാരം നൽകുകയില്ല.

### സ്വാശ്രയ കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം

110 (1119) ശ്രീ. സി. ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോളേജുകൾ നിലവിൽ വന്നതോടെ വിദ്യാഭ്യാസ നിലവാരം പ്രത്യേകിച്ച് എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരം ഇടിഞ്ഞതായുള്ള ഹൈക്കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാമർശം സംബന്ധിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ കോളേജ് മാനേജ്മെന്റുകളെ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുവരുത്തി ചർച്ച നടത്തുകയും അപാകതകൾ എത്രയുംവേഗം പരിഹരിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതിനും അല്ലാത്തപക്ഷം അത്തരം കോളേജുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കോളേജുകൾക്കെതിരെ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ചട്ടങ്ങളിൽ അനുശാസിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

## എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ നിയമനങ്ങൾക്ക് എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരമുള്ള ശമ്പളം

111 (1120) ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ നിയമനങ്ങൾക്ക് എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾക്ക് വിധേയമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അംഗീകാരം നൽകി ശമ്പള വിതരണം, ഗ്രേഡ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ പോളിസ്കീമിൽപ്പെട്ട അദ്ധ്യാപകർക്ക് നിയമനമോ ഗ്രേഡോ മറ്റ് ആനുകൂല്യങ്ങളോ നൽകാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മൂന്ന് എയിഡഡ് എൻജിനീയറിംഗ് കോളേജുകളിലെയും അദ്ധ്യാപക നിയമനങ്ങൾക്ക് എ.ഐ.സി.ടി.ഇ. മാനദണ്ഡങ്ങൾക്ക് വിധേയമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽനിന്നും അംഗീകാരം നൽകി ശമ്പളവിതരണം, ഗ്രേഡ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നുണ്ട്. ടി കോളേജുകളിലെ അനദ്ധ്യാപക നിയമനങ്ങൾ സർക്കാർ അനുശാസിക്കുന്ന നിയമങ്ങൾക്കുവിധേയമായി അംഗീകാരം നൽകി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ സർക്കാർ എൻജിനീയറിംഗ് കോളേജുകളിൽ പോളിസ്കീമിൽപ്പെട്ട അദ്ധ്യാപകർക്ക് നിയമനവും ഗ്രേഡും മറ്റ് ആനുകൂല്യങ്ങളും സർക്കാർ അനുശാസിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി നൽകിവരുന്നുണ്ട്.